I/94575/2023

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര,തിരുവനന്തപുരം
തീയതി :09-05-2023
Email
directorate.wcd@kerala.gov.in
Phone : 0471-2346508

**സർക്കുലർ**

വിഷയം: വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - വകുപ്പിലെ വിവിധ കീഴ് കാര്യാലയങ്ങൾ/ക്ഷേമസ്ഥാപനങ്ങളിലെ താൽക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചെഞ്ച് മുഖേന നിർവ്വഹിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

സൂചന: സ.ഉ(സാധാ) നം.1440/2022/LBR തീയതി.08/12/2022

സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്കു കീഴിലെ മുഴുവൻ സ്ഥാപനങ്ങളിലേയും പി.എസ്.സി യുടെ പരിധിയിൽ വരാത്ത നിയമനങ്ങൾ( സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ സ്ഥിരം/കരാർ/താൽക്കാലികം) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണെന്നും സ്ഥിരം ഒഴിവുകളിലേയ്ക്ക് അന്തിമമായി തിരഞ്ഞെടുത്ത് നിയമിക്കുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ഉദ്യോഗദായകർ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അയച്ചുകൊടുത്ത് സാമൂദായിക സംവരണം/മുൻഗണന പാലിച്ചു എന്നുറപ്പാക്കിയശേഷം മാത്രം നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണെന്ന് കർശ്ശന നിർദ്ദേശം നൽകികൊണ്ട് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ വകുപ്പിന് കീഴിലെ എല്ലാ കരാർ,താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്തുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) കീഴ്കാര്യാലയങ്ങൾ/ക്ഷേമസ്ഥാപങ്ങളിലെ പി.എസ്.സി യുടെ പരിധിയിൽ വരാത്ത കേന്ദ്ര സംസ്ഥാന പദ്ധതികളിലെ വിവിധ തസ്തികകളിലേയ്ക്ക് (കരാർ/താൽക്കാലിക) പുതിയ നിയമനങ്ങൾക്കായി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നവേളയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

2) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് നൽകുന്ന ലിസ്റ്റിലെ ആമുഖ കത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സംവരണക്രമം/മുൻഗണന പാലിച്ചിട്ടുണ്ടെന്ന് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്ന വേളയിൽ ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന ഓഫീസർ/കാര്യാലയമേധാവി ഉറപ്പാക്കേണ്ടതാണ്.

3) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും താൽക്കാലിക നിയമനത്തിനായി ലഭ്യമാകുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളെ ജില്ലാ വനിത ശിശുവികസന ഓഫീസറുടെ നേതൃത്വത്തിൽ ഇന്റർവ്യൂ ബോർഡ്/സെലക്ഷൻ കമ്മിറ്റി ഇന്റർവ്യൂ നടത്തേണ്ടതും സെലക്ട് ചെയ്യുന്ന ഉദ്യോഗാർത്ഥിയ്ക്ക് ഒഴിവുകളുടെ അടിസ്ഥാനത്തിൽ ജില്ലാ വനിത ശിശുവികസന ഓഫീസർ നിയമന ഉത്തരവ് നൽകേണ്ടതുമാണ്.

4) പുതിയ നിയമനത്തിനായി ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നത് എംപ്ലോയ്മെന്റ് എക്സ്ചെഞ്ച് മുഖേന മാത്രമേ ആവാൻ പാടുള്ളൂ.എന്നാൽ നിലവിൽ സർക്കാർ ഉത്തരവ്/നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർന്നുവരുന്ന കരാർ നിയമനങ്ങൾക്ക് മറ്റൊരു നിർദ്ദേശം ലഭിക്കുന്നതുവരെ നിലവിലെ രീതി

I/94575/2023

തുടരാവുന്നതാണ്.

5) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്ത പക്ഷം ഇന്റർവ്യൂ ബോർഡ്/സെലക്ഷൻ കമ്മിറ്റി കൂടിയാലോചന നടത്തി മീറ്റിംഗ് മിന്നിറ്റ്സിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ച് ഉദ്യോഗാർത്ഥികളെ കണ്ടെത്തേണ്ടതാണ്.

6) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുമാത്രമേ തുടർന്ന് നിയമനങ്ങൾ/റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പാടുള്ളൂ.

7) സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിയമന നടപടികൾ യാതൊന്നും തന്നെ ജില്ലാ തലത്തിൽ സ്വീകരിക്കുന്നില്ല എന്ന് ജില്ലാ വനിത ശിശുവികസന ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.

8) നിയമനം നടത്തിയതു സംബന്ധിച്ച വിവരം അതാത് സമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്

**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

പകർപ്പ്-

1) എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും
2) എല്ലാ ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്കും
3) സ്റ്റോക്ക് ഫയൽ/സ്പെയർ

**Signed by Priyanka G**
**Date: 09-05-2023 10:08:29**